# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 526** **26.04.2017-ൽ മറുപടിക്ക്**

## എല്ലാ കർഷകർക്കും വൈദ്യുതി നൽകാൻ നടപടി

| | ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ)<br><br><br><br><br><br><br><br>(ബി) | സംസ്ഥാനത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം എത്ര പേർക്ക് ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്;<br><br><br><br><br>ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | 21.04.2017 – ലെ കണക്കുകൾ അനുസരിച്ച് സമ്പൂർണ വൈദ്യുതീകരണ പദ്ധതി പ്രകാരം 1,44,065 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br>സമ്പൂർണ്ണ വൈദ്യുതീകരണ സൗരോർജ്ജ പദ്ധതി പ്രകാരം 257 പേർക്ക് ഗാർഹിക കണക്ഷൻ നൽകാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പണി പുരോഗമിച്ചു വരികയാണ്.<br>പ്രാഥമിക കണക്ക് പ്രകാരം 174.0 കോടി രൂപയാണ് പദ്ധതി ചിലവ് ആയി പ്രതീക്ഷിക്കുന്നത്. പദ്ധതി പൂർത്തിയായ ശേഷമേ കൃത്യമായ കണക്കുകൾ ലഭ്യമാവുകയുള്ളൂ.<br>സൗരോർജ്ജ ഗാർഹിക കണക്ഷനുകൾക്കായി ഉദ്ദേശം 2.8247 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (സി) | ഗാർഹിക ഉപഭോക്താക്കൾക്ക് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയതു പോലെ, കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, കൃഷി വകുപ്പുമായി ചേർന്ന് എല്ലാ കർഷകർക്കും വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

Hemalatha

**സെക്ഷൻ ഓഫീസർ**